## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T-5458** **04.07.2013-ലെ മറുപടിക്ക്**

**എം.ബി.ബി.എസ്. പ്രവേശനം - സ്വാശ്രയ മാനേജ്മെന്റുമായുള്ള കരാർ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) എം.ബി.ബി.എസ്. പ്രവേശനവുമായി ബന്ധപ്പെട്ടു സ്വാശ്രയ മാനേജുമെന്റുകൾ സർക്കാരുമായി ഉണ്ടാക്കിയ കരാറിൽ നിന്നും പിൻവാങ്ങിയിട്ടുണ്ടോ ; വിശദവിവരം ലഭ്യമാക്കാമോ ; | (എ) എം.ബി.ബി.എസ്. പ്രവേശനവുമായി ബന്ധപ്പെട്ട് സ്വാശ്രയ മാനേജുമെന്റുകൾ സർക്കാരുമായി ഉണ്ടാക്കിയ കരാറിൽ നിന്നും പിൻവാങ്ങുന്നതായി അറിയിച്ചിട്ടുണ്ട്. |
| (ബി) കരാറിൽ നിന്നും പിൻവാങ്ങിയാൽ എത്ര മെരിറ്റ് സീറ്റുകൾ നഷ്ടപ്പെടുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ; | (ബി) കരാറിൽ നിന്നും പിൻവാങ്ങിയാൽ 8 കോളേജുകളിലുമായി ആകെയുള്ള 900 സീറ്റുകളുടെ 50 ശതമാനം സീറ്റുകളിൽ (450) സർക്കാർ മെരിറ്റ് വിഭാഗത്തിൽ നിന്നും പ്രവേശനം നടത്തുന്നതിനുള്ള അവസരം നഷ്ടപ്പെടും. |
| (സി) സ്വാശ്രയ മാനേജുമെന്റുകളെ ഈ കരാറിൽ ഉറപ്പിച്ചു നിർത്താൻ സർക്കാർ ഏതെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദമാക്കാമോ ? | (സി) സ്വാശ്രയ മാനേജ്മെന്റ് നടത്തിയ പരീക്ഷ റദ്ദുചെയ്ത ജസ്റ്റീസ് ജെയിംസ് കമ്മിറ്റിയുടെ തീരുമാനം ശരിവച്ച് ഇപ്പോൾ ബഹു: ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. തുടർ നടപടി സ്വീകരിക്കാനും സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ